KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ : 3025/Plg                                        തിയ്യതി : 01.11.2024

## സർക്കുലർ **45/2024 (BD)**

വിഷയം : **'കെ.എസ്.എഫ്.ഇ ഗാലക്സി ചിട്ടികൾ'** സീരീസ് 3 ആരംഭിക്കുന്നത് – സംബന്ധിച്ച്.

സൂചന : 1. സർക്കുലർ 14/2024(BD) തിയ്യതി 01.04.2024
2. സർക്കുലർ 29/2024(BD) തിയ്യതി 01.07.2024

ആകർഷകമായ നിരവധി സമ്മാനങ്ങൾ ഉൾപ്പെടുത്തി ഒന്നിലധികം സീരീസുകളിലായി ഈ സാമ്പത്തിക വർഷത്തെ ചിട്ടി ബിസിനസ്സ് ലക്ഷ്യം കൈവരിക്കാൻ നടപ്പാക്കിയ **"കെ.എസ്.എഫ്.ഇ ഗാലക്സി ചിട്ടികളുടെ"** രണ്ടാം ഘട്ടം 2024 ഒക്ടോബർ 31 ന് അവസാനിച്ചിരിക്കുകയാണ്. ആദ്യ രണ്ട് സീരീസുകൾ പിന്നിടുമ്പോൾ 602.48 കോടി രൂപയുടെ ചിട്ടി ബിസിനസ്സ് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനകം 6 ശാഖകൾക്ക് വാർഷിക ലക്ഷ്യം പൂർത്തീകരിക്കുവാനും സാധിച്ചിട്ടുണ്ട്. 2024 നവംബർ 1 മുതൽ ഗാലക്സി ചിട്ടികളുടെ അവസാന ഉപപദ്ധതിയായ കെ.എസ്.എഫ്.ഇ. ഗാലക്സി ചിട്ടികൾ സീരീസ്-3 ആരംഭിക്കുകയാണ്. പദ്ധതിയുടെ മറ്റ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**പദ്ധതി കാലയളവ്** : 2024 നവംബർ 1 മുതൽ 2025 ഫെബ്രുവരി 28 വരെ

**എത്തിച്ചേരേണ്ട സഞ്ചിത ചിട്ടി ബിസിനസ്സ് ലക്ഷ്യം**

| | | |
|---|---|---|
| ഡൊമസ്റ്റിക് ചിട്ടി | : | 1025 കോടി രൂപ |
| പ്രവാസി ചിട്ടി | : | 72 കോടി രൂപ |

**കെ.എസ്.എഫ്.ഇ. ഗാലക്സി ചിട്ടികളുടെ പൊതുവായ സമ്മാനങ്ങൾ**

| | | |
|---|---|---|
| **സംസ്ഥാനതല മെഗാസമ്മാനം** (ഒരാൾക്ക്) | : | **മെഴ്സിഡസ് ബെൻസ് കാർ** (പരമാവധി 75 ലക്ഷം രൂപ) |
| **മേഖലാതല സമ്മാനങ്ങൾ** | : | 17 **ഇന്നോവ ക്രിസ്റ്റ കാറുകൾ** (പരമാവധി 25 ലക്ഷം രൂപ വീതം) |

(DBC ഉൾപ്പെടെ ഓരോ മേഖലയിലും ഒരാൾക്ക്)

**ഗാലക്സി ചിട്ടികൾ സീരീസ് 3 സമ്മാനങ്ങൾ - "5000/- രൂപയുടെ ഗിഫ്റ്റ് കാർഡ്"**

1. ഡെബിറ്റ് കാർഡ് മാതൃകയിലുള്ള **" 5000/- രൂപയുടെ ഗിഫ്റ്റ് കാർഡ്"** ഇടപാടുകാർക്ക് സമ്മാനമായി നൽകുന്നതാണ്. Swiping Machine സൗകര്യമുള്ള എല്ലാ ഷോപ്പുകളിലും മറ്റും ഗിഫ്റ്റ് കാർഡ് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ATM മുഖേന പണം പിൻവലിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതല്ല.
2. ഓരോ ചിട്ടിയിലും ഒരാൾക്ക് നറുക്കെടുപ്പിലൂടെ 5000/- രൂപ വീതമുള്ള "ഗിഫ്റ്റ് കാർഡ് " സമ്മാനമായി ലഭിക്കുന്നതാണ്. എന്നാൽ മൾട്ടി ഡിവിഷൻ ചിട്ടികളിൽ ഡിവിഷന്റെ എണ്ണമനുസരിച്ച് യഥാക്രമം രണ്ട് ഡിവിഷൻ ചിട്ടികളിൽ 2 പേർക്കും , മൂന്ന് ഡിവിഷൻ ചിട്ടികളിൽ 3 പേർക്കും , നാല് ഡിവിഷൻ ചിട്ടികളിൽ 4 പേർക്കും സമ്മാനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ചിട്ടിയുടെ കാലാവധിയ്ക്കനുസരിച്ച് സമ്മാനങ്ങളുടെ എണ്ണത്തിൽ മാറ്റം ഉണ്ടായിരിക്കുന്നതല്ല.

3. ഓരോ ചിട്ടിയുടെയും വിജയിയെ നിശ്ചയിക്കാൻ നറുക്കെടുപ്പ് നടത്തുമ്പോൾ ഡിവിഷൻ പരിഗണിക്കാതെ എല്ലാ വരിക്കാരെയും ഉൾപ്പെടുത്തിയാണ് നറുക്കെടുപ്പ് നടത്തേണ്ടത്. ഇത്തരത്തിൽ ചിട്ടിയുടെ ആദ്യ ലേലത്തോടൊപ്പം തന്നെ സമ്മാനാർഹരെ നിശ്ചയിക്കേണ്ടതാണ്.
4. മൾട്ടി ഡിവിഷൻ ചിട്ടികളിൽ ഒന്നിൽ കൂടുതൽ ടിക്കറ്റുകൾ ഒരേ വ്യക്തി ചേർന്നിട്ടുണ്ടെങ്കിലും 'ഒരു ചിട്ടിയിൽ ഒരാൾക്ക് ഒരു സമ്മാനം' മാത്രം ലഭിക്കുന്ന വിധത്തിൽ നറുക്കെടുപ്പ് ക്രമീകരിക്കേണ്ടതാണ്.
5. ശാഖാതലത്തിൽ നറുക്കെടുപ്പ് സുതാര്യമായി നടത്തേണ്ടതും ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഇന്റേണൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതും ആണ്.
6. KGC-S3 കാലയളവിൽ പ്രവാസി ചിട്ടിയിൽ ചേരുന്ന വരിക്കാരെ ഉൾപ്പെടുത്തി ഡിജിറ്റൽ ബിസിനസ്സ് സെന്ററും മുകളിൽ വിവരിച്ച രീതിയിൽ സമ്മാനാർഹരെ നിശ്ചയിക്കേണ്ടതും, സമ്മാനവിതരണം നടത്തേണ്ടതുമാണ്.
7. ഗിഫ്റ്റ് കാർഡ് വിതരണവുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**<u>മറ്റ് നിർദ്ദേശങ്ങൾ</u>**

1. ഗാലക്സി ചിട്ടികൾ സീരീസ് -3 കാലാവധിയ്ക്കുള്ളിൽ ശാഖകളും, മേഖലകളും, ഡിജിറ്റൽ ബിസിനസ്സ് സെന്ററും ഈ സാമ്പത്തിക വർഷത്തെ ചിട്ടിയുടെ വാർഷിക ലക്ഷ്യം പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
2. 2024-25 സാമ്പത്തിക വർഷത്തെ ഗാലക്സി ചിട്ടികളുടെ മൂന്ന് സീരീസുകളിലുമായി ചിട്ടിയിൽ ചേരുന്ന എല്ലാ വരിക്കാരെയും, ഗാലക്സി ചിട്ടി കാലയളവിനുള്ളിൽ സബ്സ്റ്റിറ്റ്യൂഷനിലൂടെ ഗാലക്സി ചിട്ടിയിൽ അംഗമാകുന്ന ചിറ്റാളന്മാരെയും (DBC ഉൾപ്പെടെ) മെഗാ സമ്മാനങ്ങളായ ബെൻസ്, ഇന്നോവ കാറുകളുടെ നറുക്കെടുപ്പിൽ ഉൾപ്പെടുത്തുന്നതാണ്.
3. കെ.എസ്.എഫ്.ഇ.യിലെ സ്ഥിരം ജീവനക്കാരുടേയും ഏജന്റുമാരുടേയും അപ്രൈസർമാരുടേയും പേരിലുള്ള ചിട്ടികൾ സമ്മാനങ്ങൾക്ക് പരിഗണിക്കുന്നതല്ല.
4. ഗാലക്സി ചിട്ടികൾ സീരീസ്-3 യിൽ ആരംഭിക്കുന്ന ചിട്ടികളിൽ 10% തവണകൾ കഴിഞ്ഞാൽ മാത്രമാണ് ചിട്ടി ലോൺ അനുവദിക്കേണ്ടത്.
5. ഈ സാമ്പത്തിക വർഷം ശാഖയിൽ രജിസ്റ്റർ ചെയ്യുന്ന ആകെ ചിട്ടികളിലെ 5% ടിക്കറ്റുകൾ അല്ലെങ്കിൽ 40 ടിക്കറ്റുകൾ ഇതിൽ ഏതാണോ കുറവ് ആയത് ക്യാൻവാസ് ചെയ്യാത്ത ഏജന്റുമാരെ പ്രസ്തുത വിവരം ശാഖയിൽ നിന്നും അടിയന്തിരമായി അറിയിക്കേണ്ടതാണ്.
6. മേൽ സൂചന പ്രകാരമുള്ള കെ.എസ്.എഫ്.ഇ. ഗാലക്സി ചിട്ടിയുടെ പൊതുവായ എല്ലാ നിബന്ധനകളും ഗാലക്സി ചിട്ടികൾ സീരീസ്- 3 യ്ക്ക് ബാധകമാണ്.

ആകർഷകമായ നിരവധി സമ്മാന പദ്ധതികൾ ഉൾപ്പെടുത്തി നടത്തുന്ന **കെ.എസ്.എഫ്.ഇ. ഗാലക്സി ചിട്ടികളുടെ** പിൻബലത്തിൽ ഓരോ മേഖലയും ശാഖയും വാർഷിക ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരേണ്ടതും തുടർന്ന് Non Prized Default കുറച്ചു കൊണ്ട് പ്രോത്സാഹന സമ്മാനം നേടുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചു കൊള്ളുന്നു.

*വിശ്വസ്തതയോടെ*
*കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി*

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To: **DBC /എല്ലാ ശാഖാ തലവൻമാർക്കും**
പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും/ പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ